**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 471** **16-03-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കമ്മിറ്റികളിൽ വിദഗ്ധരെ ഉൾപ്പെടുത്താറുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രാദേശിക ആസൂത്രണ സമിതികളുടെ ഉപാധ്യക്ഷൻ, ആസൂത്രണ പ്രക്രിയയിൽ അവയെ സഹായിക്കാൻ കഴിയുന്ന വിദഗ്ധർ ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സന്നദ്ധ സേവകരായ വിദഗ്ധർ പ്രസ്തുത സമിതിയിൽ അംഗങ്ങളായിരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ വിഷയ മേഖലാ വർക്കിംഗ് ഗ്രൂപ്പുകളിൽ അതാത് വികസന മേഖലയിലെ വിദഗ്ധരുടെയും സേവനം ഉറപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആവശ്യമെങ്കിൽ പരിചയസമ്പന്നനായ ഒരു സന്നദ്ധ പ്രവർത്തകന്റെ/ പ്രവർത്തകയുടെ സേവനം ഉപയോഗിക്കുന്നതിനും ഡി പി സി കളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ജില്ലാ റിസോഴ്സ് സെൻറുകളിലെ വിദഗ്ധരുടെ സേവനം പദ്ധതിനടത്തിപ്പിനായി ഉറപ്പ് വരുത്താനും സർക്കാർ ശ്രദ്ധിക്കാറുണ്ട്. |
| (ബി) | പ്രാദേശിക സർക്കാരുകളുടെ ഓഡിറ്റ് ചുമതല ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്ന് അറിയിക്കുമോ; | (ബി) | ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 J യിലെ വ്യവസ്ഥ അനുസരിച്ചും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 215, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295 എന്നിവ പ്രകാരവും സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് നിർവ്വഹണ ചുമതല കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്കാണ് സർക്കാർ ഏൽപ്പിച്ചു നൽകിയിരിക്കുന്നത്. ഇവ കൂടാതെ അക്കൗണ്ടന്റ് ജനറൽ നടത്തുന്ന ഓഡിറ്റും , വകുപ്പിന്റെ ആന്തരിക |

| | | | |
|---|---|---|---|
| | | | ഓഡിറ്റിംഗ് സംവിധാനമായ പെർഫോമൻസ് ഓഡിറ്റും തദ്ദേശ സ്ഥാപനങ്ങളിൽ നടക്കുന്നുണ്ട്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റിംഗിന് സ്വതന്ത്ര സ്വഭാവത്തോടുകൂടിയ ഓഡിറ്റ് കമ്മീഷൻ വേണമെന്ന നിർദേശം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റിഗിന് സ്വതന്ത്ര സ്വഭാവത്തോടു കൂടിയ ഓഡിറ്റ് കമ്മീഷൻ വേണമെന്ന് നാലാം ഭരണ പരിഷ്കാര കമ്മീഷന്റെ 9-ാ മത് റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ നിലവിലെ ഓഡിറ്റ് സംവിധാനം ഓൺലൈൻ ഓഡിറ്റ് കൺകറന്റ് ഓഡിറ്റ് എന്നിവയിലൂടെ ശക്തിപ്പെടുത്താനും പ്രൊഫഷനലൈസ് ചെയ്യാനുമാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ആകയാൽ പ്രസ്തുത ശുപാർശ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ